LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര വൈദ്യുതി ഭേദഗതി നിയമം

26 (*326) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ കൊണ്ടുവന്നിരിക്കുന്ന വൈദ്യുതി ഭേദഗതി നിയമം ഉപഭോക്താക്കളുടെ താല്പര്യങ്ങൾക്കെതിരാണോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കിയ അവസരത്തിലും പിന്നീട് അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും അതിലെ നിർദ്ദേശങ്ങൾ ഓരോന്നും ഉപഭോക്താക്കളെ ഏതൊക്കെ വിധത്തിൽ ബാധിക്കുമെന്ന് വിശദമായി പഠിക്കുകയും ആയത് സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെയും സംസ്ഥാന സർക്കാരിന്റെയും അഭിപ്രായങ്ങളും നിലപാടുകളും കേന്ദ്രസർക്കാരിനെ സമയാസമയങ്ങളിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഡീ-ലൈസൻസിംഗ് വഴി വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്ന നിർദ്ദേശങ്ങളാണ് ഭേദഗതി നിർദ്ദേശത്തിലുള്ളത്. കൂട്ടത്തിൽ തന്നിഷ്ടപ്രകാരമുള്ള തെരഞ്ഞെടുപ്പിനുള്ള അവസരം (cherry picking) തുറന്നു കിട്ടുക വഴി സ്വകാര്യമേഖലയ്ക്ക് തങ്ങൾക്ക് ലാഭകരമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്താൻ സാധിക്കുകയും ചെയ്യും. ഇത് സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാനാകുന്ന വിലയ്ക്ക് വൈദ്യുതി, തുടങ്ങി വർഷങ്ങളുടെ പ്രയത്നംമൂലം കേരളം കൈവരിച്ച നേട്ടങ്ങൾ കൈവിട്ട് കളയുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിക്കുമെന്ന് സംസ്ഥാനം ഭയപ്പെടുന്നു. ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തെരഞ്ഞെടുക്കാമെന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കുമെന്നതും മിഥ്യാധാരണ മാത്രമാണ്. എന്നാൽ യഥാർത്ഥത്തിൽ സേവനദാതാവിനാണ് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നത്. വർഷങ്ങൾക്കുശേഷം മാത്രം ലാഭം ലഭിക്കാനിടയുള്ള ശൃംഖലാ വികസന പദ്ധതികളിൽ മുതൽമുടക്കാൻ സ്വകാര്യനിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവുമൂലമുണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛ കൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂരപ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകുമെന്നും ഭയപ്പെടുന്നു.